**2021 ജനുവരി 4 ന് രാവിലെ 11.00 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന പന്ത്രണ്ടാമത് കില എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

1. ശ്രീമതി. ശാരദാ മുരളീധരൻ IAS : ചെയർപേഴ്സൺ
   അഡീഷണൽ ചീഫ് സെക്രട്ടറി,
   തദ്ദേശ സ്വയംഭരണ വകുപ്പ്
   തിരുവനന്തപുരം

2. ശ്രീ. വി.ആർ.വിനോദ് IAS : മെമ്പർ
   ഗ്രാമവികസന കമ്മീഷണർ
   തദ്ദേശ സ്വയംഭരണ വകുപ്പ്
   തിരുവനന്തപുരം

3. ഡോ. പി.കെ ജയശ്രീ IAS : മെമ്പർ
   തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (Rural)
   തിരുവനന്തപുരം

4. ഡോ. രേണുരാജ് IAS : മെമ്പർ
   തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (Urban)
   തിരുവനന്തപുരം

5. ശ്രീ.യു. വി. ജോസ് IAS : മെമ്പർ
   അഡീഷണൽ സെക്രട്ടറി
   തദ്ദേശസ്വയംഭരണ വകുപ്പ്
   സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

6. ഡോ. ജോയ് ഇളമൺ : കൺവീനർ
   ഡയറക്ടർ ജനറൽ, കില

**കുറിപ്പ്**

***17/07/2020 തീയതിയിലെ സ.ഉ.(കൈ) നം.106/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയക്ടർ, നഗരകാര്യവകുപ്പ് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ തസ്തികകൾ പുനർനാമകരണം ചെയ്തത് പ്രകാരമാണ് ഹാജർ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്***

ഐറ്റം നമ്പർ -01

14/10/2020 തീയ്യതിയിലെ പതിനൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്

14/10/2020 തീയ്യതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. അനുബന്ധം- (1 )

**തീരുമാനം**

14/10/2020 തീയ്യതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

ഐറ്റം നമ്പർ : 02

## മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

| ACTION TAKEN REPORT ON THE DECISION OF THE 11th EXECUTIVE COMMITTEE MEETING HELD ON 14/10/2020 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ -01<br>**28/09/2020 തീയ്യതിയിലെ പത്താമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**<br>തീരുമാനം : മിനിറ്റ്സ് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ :2<br>**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**<br>തീരുമാനം :<br>മുൻ എക്സിക്യൂട്ടീവ് യോഗ തീരുമാനങ്ങളിൽ മേൽ എടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തിയതോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയും തുടർ നടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമലപ്പെടുത്തി.<br>18/06/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്<br>ഐറ്റം നമ്പർ 04-<br>കില ഓൺലൈൻ കോഴ്സുകൾ/പ്രോഗ്രാമുകൾ എന്നിവയുടെ ചെലവുകൾ വകയിരുത്തുന്നത് സംബന്ധിച്ച്<br>1) ഓൺലൈൻ കോഴ്സുകളുടെ ചെലവ് സംബന്ധിച്ച കില ഡയറക്ടർ ജനറലുടെ നടപടിക്രമം അംഗീകരിച്ചു<br>2) കില നടപ്പിലാക്കി വരുന്ന ഓൺ | നടപടി പൂർത്തീകരിച്ചു |

| | |
|---|---|
| ലൈൻ കോഴ്സകൾ അഭിനന്ദനാർഹമാണെന്ന അഭിപ്രായം രേഖപ്പെടുത്തി | |
| ഐറ്റം നമ്പർ 08- കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത് സംബന്ധിച്ച് - അർബൻ ചെയർ പ്രൊഫസർ, സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ തുടങ്ങിയ 3 തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. 01/01/2020 തീയതി വെച്ച് വയസ്സ് കണക്കാക്കേണ്ടതും ഓരോ തസ്തികക്കും വേണ്ട പരമാവധി പ്രായ പരിധി താഴെക്കൊടുക്കുന്നു.<br>1) അർബൻ ചെയർ പ്രൊഫസർ - 50 yrs<br>2) സീനിയർ അർബൻ ഫെല്ലോ – 45 yrs<br>3) അർബൻ ഫെല്ലോ – 39 yrs<br>31/03/2020 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ) 723/2020/തസ്വഭവ പ്രകാരം അർബൻ ചെയർ രൂപീകരിക്കുന്നതിനാവശ്യമായ ഫണ്ട് കിലക്ക് ലഭ്യമാക്കുന്നതിനായുള്ള സത്വര നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (Urban) നോട് ആവശ്യപ്പെടുന്നതിനായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | അർബൻ ചെയർ പ്രൊഫസർ, സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ എന്നീ 3 തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന്റെ ഭാഗമായി രണ്ട് ഇംഗ്ലീഷ് പത്രത്തിലും 2 മലയാളം പത്രത്തിലും, EPW ലും DevNet job port ലും പരസ്യം നൽകിയിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 14/01/2021. |
| 11/03/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച് | |
| ഐറ്റം നമ്പർ : 2-കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില | |

| | |
|---|---|
| ജീവനക്കാർക്കുള്ള പ്രമോഷൻ പോളിസി തയ്യാറാക്കുന്നത് – സംബന്ധിച്ച്- കേരള ലോക്കൽഗവൺമെന്റ് കമ്മീഷനിൽ നിന്ന് അടിയന്തിരമായി HR പോളിസി കിലക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാനപ്രകാരം HR പോളിസി ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷനിലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| **ഐറ്റം നമ്പർ : 07 - മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ .വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട )) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക- സംബന്ധിച്ച്** കിലയിൽ നിന്ന് ശ്രീ. അജയകുമാറിന് നൽകിയ കുടിശ്ശിക തുക തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാന പ്രകാരം തുക ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| **ഐറ്റം നമ്പർ : 09 -കിലയിൽ ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച്-**<br>1. കില ഡയറക്ടർ ജനറലുടെ നടപടികൾ അംഗീകരിച്ചു.<br>2. 10 പേരെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനും ടി ലിസ്റ്റിന് മൂന്ന് വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കണം എന്നും തുടർന്നുള്ള ഒഴിവുകൾ ഇതിൽ നിന്നും നികത്തണമെന്നും തീരുമാനിച്ചു | ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന്റെ മുന്നോടിയായി എഴുത്തുപരീക്ഷ നടത്തുവാൻ Centre for Management Development (CMD) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ആകെ 689 ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി കിലക്ക് ലഭ്യമാക്കുന്നതിലേക്കായി 2,87,557/- (ജിഎസ്.ടി ഉൾപ്പെടെ) തുകയാണ് CMD ക്ക് നൽകുന്നത്.<br>2021 ജനുവരി 10 ന് പരീക്ഷ നടത്തുവാനാണ് ധാരണയായിട്ടുള്ളത്. |
| **04.01.2019 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ** | സർക്കാർ വിജ്ഞാപനം G.O (p) No. 135/2014//Fin dated 08/04/2014 പ്രകാരം |

| | |
|---|---|
| തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച<br>ഐറ്റം നമ്പർ : 04 - കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS)നടപ്പാക്കുന്നത് – സംബന്ധിച്ച് കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചു | കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ സമ്മത പത്രം ആവശ്യമാണ് എന്ന അറിയിപ്പാണ് Pension Fund Regulatory and Development Authority (PFRDA) നിന്ന് 24/11/2020 തീയതിയിലെ കത്ത് മുഖാന്തിരം ലഭ്യമായിട്ടുള്ളത്.<br><br>സ്റ്റേറ്റ് നോഡൽ ഓഫീസറുടെ സമ്മത പത്രം ലഭിക്കുന്നതിനുള്ള നടപടിക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു. |
| ഐറ്റം നമ്പർ :3<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ - സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് - സംബന്ധിച്ച്<br>തീരുമാനം:<br>1. ടെണ്ടർ നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ സംബന്ധിച്ച സബ് കമ്മറ്റിയുടെ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു.<br>2. 42 സ്കൂളുകൾക്ക് പുറമേ 336 സ്കൂളുകളിലെ DPR കൂടി KIIFB അംഗീകരിച്ചതിനെത്തുടർന്ന് ആകെ 378 സ്കൂളുകളുടെ DPR കൾക്കാണ് ഇതുവരെ അംഗീകാരം ലഭിച്ചിട്ടുള്ളത് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തുകയും 405 സ്കൂളുകളിൽ അംഗീകാരം ലഭിച്ചവ കിഴിച്ച് ബാക്കി 27 സ്കൂളുകളുടെ അംഗീകാരം നേടുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. | KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികൾ സംബന്ധിച്ച വിശദാംശം 04.01.2021 ൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അജണ്ട ഐറ്റം നം. 6 (4) ആയി സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| ഐറ്റം നമ്പർ : 4<br>**ഓഡിറ്റ് റിപ്പോർട്ട്: 2019-20 അംഗീകരിക്കുന്നത് സംബന്ധിച്ച്**<br>തീരുമാനം:<br>2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു. | |
| 1. ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ആയതിന്റെ വിശദമായ റിപ്പോർട്ട് സഹിതം ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.<br>2. കിലയുടെ 2019-20 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച ഒരു പവർ പോയിന്റ് തയ്യാറാക്കി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നതും ഓഡിറ്റർ സന്നിഹിതനായിരിക്കുന്നതും ഉചിതമായിരിക്കും. എന്ന് അഭിപ്രായപ്പെട്ടു. | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങളും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും 05/11/2020 തീയതിയിൽ ചേർന്ന ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| 3. 2009-10 സാമ്പത്തിക വർഷം വരെ സർക്കാർ ധനസഹായം ധനവകുപ്പിൽ നിന്ന് നേരിട്ട് കിലക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ 2010-11 സാമ്പത്തിക വർഷം മുതൽ പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരമാണ് ധനസഹായം കിലക്ക് ലഭ്യമാക്കുന്നത്. ധനസഹായം കിലക്ക് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ധന വകുപ്പിൽ നിന്ന് നേരിട്ട് തുക കില ഡയറക്ടർ ജനറലുടെ ട്രഷറി അക്കൌണ്ടിലെക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് | തീരുമാനപ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു. ധനവകുപ്പുമായി ബന്ധപ്പെട്ട് സത്വര നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.<br>4. സർക്കാരിൽ നിന്നുള്ള ധനസഹായം അതാത് സാമ്പത്തിക വർഷത്തിൽ തന്നെ ലഭിക്കുന്നതിനാവശ്യമായ സഹായം ധനകാര്യ വകുപ്പ് പ്രതിനിധിയുടെ സഹായത്താൽ നേടിയെടുക്കുന്നതിന് നടപടി കൈക്കൊള്ളാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. | |
| ഐറ്റം നമ്പർ : 5<br>**കിലയുടെ അധീനതയിലുള്ള മുൻ അഹാഡ്സിലെ വാഹനങ്ങൾ കൈമാറിയത് - സംബന്ധിച്ച്**<br>തീരുമാനം<br>കിലയുടെ അധീനതയിലുള്ള മുൻ അഹാഡ്സിലെ വാഹനങ്ങൾ കൈമാറിയ കില ഡയറക്ടർ ജനറലുടെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. ഇനിയും വാഹനങ്ങൾ ഉണ്ടെങ്കിൽ ആറളം ഫാർമിംഗ് കോർപ്പറേഷന് നൽകുവാനും തീരുമാനിച്ചു. | 20/10/2020 തീയതിയിലെ കില-2020/101/1420 ഉത്തരവ് പ്രകാരം KL-50-2644 (Jeep), KL-09 G-4738 (Bullet) എന്നീ വാഹനങ്ങൾ ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ക്ക് കൈമാറിയിട്ടുണ്ട് |
| ഐറ്റം നം. 6<br>**കില ജീവനക്കാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് - സംബന്ധിച്ച്**<br>തീരുമാനം<br>കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ | ജീവനക്കാരുമായി കില ഡയറക്ടർ ജനറൽ ചർച്ച നടത്തുകയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഇൻഷുറൻസ് പ്രീമിയം തുകയുടെ 75% കിലയും 25% ജീവനക്കാരും അടക്കുന്നത് |

| | |
|---|---|
| ജനറലിനെ ചുമതലപ്പെടുത്തുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.<br>സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഇൻഷുറൻസ് പ്രീമിയം തുകയുടെ 75% കിലയും 25% ജീവനക്കാരും അടക്കുന്നത് സംബന്ധിച്ച തീരുമാനം ജീവനക്കാരുമായി ചർച്ച ചെയ്യുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. അതോടൊപ്പം സമഗ്ര ആരോഗ്യ ഇൻഷുറൻസ് ആനുകൂല്യം 01/01/2020 ന് 5 വർഷമോ അതിൽ കൂടുതലോ കാലയളവിലോ തുടർച്ചയായി കിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന താൽക്കാലിക ജീവനക്കാർക്ക് കൂടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതിനും നിർദ്ദേശിച്ചു. | സംബന്ധിച്ച തീരുമാനം ജീവനക്കാർക്ക് സമ്മതമാണെന്ന് അറിയിച്ചു. |
| **ഐറ്റം നമ്പർ : 7**<br>**മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്**<br>തീരുമാനം:<br>പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്ത് നടപടി ക്രമങ്ങളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാന പ്രകാരം വിശദമായ റിപ്പോർട്ട് (അനുബന്ധം – 2) ആയി ഉള്ളടക്കം ചെയ്യുന്നു. |
| **ഐറ്റം നമ്പർ : 8**<br>**കൺസൾട്ടന്റുമാർക്കുള്ള വേതനം നിശ്ചയിക്കുന്നത് - സംബന്ധിച്ച്**<br><br>തീരുമാനം<br>1. വിദഗ്ധർ /കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോൾ 2020-21 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കി നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി | |

| | |
|---|---|
| അംഗീകരിച്ചു<br>2. വിദഗ്ധർ /കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോളിലെ കാറ്റഗറി A വിഭാഗത്തിൽപ്പെടുന്ന വിദഗ്ധർ /കൺസൾട്ടന്റിന് IIT, IIM എന്നീ സ്ഥാപനങ്ങളിൽ നൽകി വരുന്ന നിലവിലെ നിരക്ക് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഒരു താരതമ്യ പഠനം നടത്തുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | തീരുമാന പ്രകാരം വിശദാംശം ലഭ്യമാക്കുന്നതിനായി IIT, IIM എന്നീ സ്ഥാപനങ്ങളിലേക്ക് കത്തയച്ചിട്ടുണ്ട്. |
| <u>ഐറ്റം നമ്പർ : 9</u><br><u>കില കൊട്ടാരക്കര സിഎച്ച്ആർഡി യിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം സംബന്ധിച്ച്</u><br><u>തീരുമാനം</u><br>1. കില സിഎച്ച് ആർഡി യിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തുകയും കില ഡയറക്ടർ ജനറലുടെ നടപടികൾ സാധൂകരിക്കുകയും ചെയ്തു.<br>2. നിർമ്മാണ പ്രവർത്തനത്തിനായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം ലഭ്യമാക്കുന്നതിനായുള്ള സത്വര നടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുവാനുള്ള വിഹിതം ലഭ്യമാക്കുന്നതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്തയച്ചിട്ടുണ്ട്.<br>(47 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 3 ലക്ഷം രൂപ വീതവും വടകര ബ്ലോക്കിൽ നിന്ന് 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 142 ലക്ഷം രൂപ 31/12/2020 വരെ ലഭ്യമായിട്ടുണ്ട്) |

| | |
|---|---|
| ഐറ്റം നമ്പർ : 10<br>**പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സറായ ഡോ. പീറ്റർ എം. രാജ് സമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്**<br>തീരുമാനം<br>പ്രൊഫസർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് ഡോ. പീറ്റർ എം രാജ് സമർപ്പിച്ച അപേക്ഷ HR പോളിസി ലഭ്യമാകുന്നത് പ്രകാരം പരിഗണിക്കുവാൻ തീരുമാനിച്ചു. കേരള ലോക്കൽഗവൺമെന്റ് കമ്മീഷനിൽ നിന്ന് HR പോളിസി അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാന പ്രകാരം HR പോളിസി ലഭിക്കുന്നതിനുള്ള നടപടിക്കായി കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷന് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| ഐറ്റം നമ്പർ :11<br>**പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സർമാരായ ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവരുടെ അപേക്ഷ - സംബന്ധിച്ച്**<br>തീരുമാനം<br>പ്രൊഫസർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ സമർപ്പിച്ച അപേക്ഷ HR പോളിസി ലഭ്യമാകുന്നത് പ്രകാരം പരിഗണിക്കുവാൻ തീരുമാനിച്ചു. കേരള ലോക്കൽഗവൺമെന്റ് കമ്മീഷനിൽ നിന്ന് HR പോളിസി അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാന പ്രകാരം HR പോളിസി ലഭിക്കുന്നതിനുള്ള നടപടിക്കായി കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷന് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| ഐറ്റം നമ്പർ : 12<br>**കില ജീവനക്കാരനായ ശ്രീ. ടി.എ സന്തോഷിന് ഇൻക്രിമെന്റും ഗ്രേഡും അനുവദിച്ചത് - സംബന്ധിച്ച്**<br><br>തീരുമാനം<br>കില ജീവനക്കാരനായ ശ്രീ. ടി. എ. സന്തോഷിന് അനുവദിച്ച് നൽകിയ | |

| | |
|---|---|
| ആനുകൂല്യം സംബന്ധിച്ച വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി പരിശോധിക്കുകയും ടി വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കോടതി വിധി വരുന്ന മുറക്ക് തുടർനടപടികൾക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കോടതി വിധി വരുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**ACTION TAKEN REPORT ON THE DECISION OF THE 9th EXECUTIVE COMMITTEE MEETING HELD ON 18/06/2020**

| Executive Committee Decision | Action Taken |
|---|---|
| ഐറ്റം നമ്പർ : 03<br><u>കിലയുടെ ഹോസ്റ്റലുകൾ ക്വാറന്റൈൻ ആവശ്യത്തിനായി വിട്ടുകൊടുത്തിരിക്കുന്നത് – സംബന്ധിച്ച്</u><br>തീരുമാനം: കോവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിനായി കില ആസ്ഥാനത്തുള്ള മൂന്നു ഹോസ്റ്റലുകളും അതോടൊപ്പം കിലയുടെ കൊട്ടാരക്കര, അഗളി എന്നീ സെന്ററുകളും ക്വാറന്റൈനായി വിട്ടുകൊടുത്ത കിലയുടെ സമയോചിതമായ പ്രവർത്തനത്തെ അഭിനന്ദിച്ചു. ക്വാറന്റൈൻ സെന്ററായതിന്റെ ഭാഗമായി കിലക്ക് വന്നിട്ടുള്ള യഥാർത്ഥച്ചെലവ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (DDMA) നിന്നും ലഭിക്കുന്നതിനുള്ള ക്ലെയിം നൽകുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. | കില ആസ്ഥാനത്തുള്ള 3 ഹോസ്റ്റലുകളുടെയും കൊട്ടാരക്കര സെന്ററിലേയും അഗളി സെന്ററിലേയും ക്വാറന്റൈനായി വിട്ടുകൊടുത്ത ഹോസ്റ്റലുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ ചെലവായ തുക ലഭിക്കുന്നതിനായി മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൊട്ടാരക്കര മുനിസിപ്പൽ സെക്രട്ടറി എന്നിവർ മുഖേന അതാത് ജില്ലാ കളക്ടർമാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| ACTION TAKEN REPORT ON THE DECISION OF THE 6th EXECUTIVE COMMITTEE MEETING HELD ON 05.07.2019 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ : 06<br>**കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത്- സംബന്ധിച്ച്**<br>തീരുമാനം: കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) കില ജീവനക്കാർക്ക് ബാധകമാക്കുന്നതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു<br>ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | ഇപ്പോൾ സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് 25/11/2020 തീയതിയിലെ സർക്കാർ കത്ത് മുഖാന്തിരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |

| Executive Committee Decision | Action Taken |
|---|---|
| **ACTION TAKEN REPORT ON THE DECISIONS OF THE FIRST EXECUTIVE COMMITTEE HELD ON 29.08.2017** | |
| **Item No. 11 :Merging the Extension Training Centers with KILA – follow up** | |
| **Decision**: The Executive Committee authorized the Director, KILA, to submit a proposal before the Government for approval. Ownership of land, buildings and other equipment's other than those purchased by KILA, are to be kept as the property of the Commissioner of Rural Development.<br>Expedite the action from the part of Government on the request made by the Director KILA as per EC decision. | Request letter submitted to Government vide letter number 2018/101/3335 dated 28/07/2018 |

**തീരുമാനം**

മുൻ എക്സിക്യൂട്ടീവ് യോഗ തീരുമാനങ്ങളിന്മേൽ എടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

| |
|---|
| 14/10/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച |
| ഐറ്റം നമ്പർ 10 & 11 - പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സറായ ഡോ. പീറ്റർ എം. രാജ്, , ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവരുടെ അപേക്ഷ - സംബന്ധിച്ച്<br>കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ നിന്ന് HR പോളിസി ലഭ്യമാകവാൻ കാലതാമസമുണ്ടെങ്കിൽ അക്കാദമിക് വിഭാഗത്തിന്റെ പ്രമോഷനുമായി ബന്ധപ്പെട്ട പ്രസക്ത ഭാഗങ്ങൾ കിലക്ക് അടിയന്തരിമായി ലഭ്യമാക്കുന്നതിന് കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനോട് ആവശ്യപ്പെടുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. ആയത് വിശദമായ റിപ്പോർട്ട് സഹിതം അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.<br>ഐറ്റം നം. 6 - കില ജീവനക്കാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് - സംബന്ധിച്ച്<br>കിലയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ഇൻഷ്വറൻസ് പ്രീമിയം തുകയുടെ 75% വിഹിതം കിലയും 25% വിഹിതം ജീവനക്കാരും) കിലയിൽ നടപ്പിലാക്കുന്നതിന് |

എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർനടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**ഐറ്റം നമ്പർ : 7 - മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്**

പ്രസ്തുത വിഷയം നയപരമായ തീരുമാനത്തിനായി പ്രൊപ്പോസൽ കില ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ തീരുമാനിച്ചു.

**ഐറ്റം നമ്പർ : 9 - കില കൊട്ടാരക്കര സിഎച്ച്ആർഡി യിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം- സംബന്ധിച്ച്**

ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുവാനുള്ള വിഹിതം ലഭ്യമാക്കുന്നതിലേക്കുള്ള പ്രവർത്തികൾ ത്വരിതപ്പെടുത്തുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി

**18/06/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്**

**ഐറ്റം നമ്പർ : 03 - കിലയുടെ ഹോസ്റ്റലുകൾ ക്വാറന്റൈൻ ആവശ്യത്തിനായി വിട്ടുകൊടുത്തിരിക്കുന്നത് - സംബന്ധിച്ച്**

കില ആസ്ഥാനത്തുള്ള 3 ഹോസ്റ്റലുകളുടെയും കൊട്ടാരക്കര സെന്ററിലേയും അഗളി സെന്ററിലേയും ക്വാറന്റൈനായി വിട്ടുകൊടുത്ത ഹോസ്റ്റലുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ ചെലവായ തുക ലഭിക്കുന്നതിനായി അതാത് ജില്ലാ കളക്ടർമാരുമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**ഐറ്റം നമ്പർ 08- കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത് സംബന്ധിച്ച് -**

31/03/2020 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ) 723/2020/തസ്വഭവ പ്രകാരം അർബൻ ചെയർ രൂപീകരിക്കുന്നതിനാവശ്യമായ ഫണ്ട് കിലക്ക് ലഭ്യക്കുന്നതിനായുള്ള സത്വര നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (Urban) നോട് ആവശ്യപ്പെടുന്നതിനായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**11/03/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി - സംബന്ധിച്ച്**

**ഐറ്റം നമ്പർ : 09 -കിലയിൽ ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച്**

ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട കില ഡയറക്ടർ ജനറലുടെ നടപടികൾ അംഗീകരിച്ചു

**04.01.2019 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്**

**ഐറ്റം നമ്പർ : 04 - കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS) നടപ്പാക്കുന്നത് സംബന്ധിച്ച്**

കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ സമ്മത പത്രം ആവശ്യമായതിനാൽ ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ -03

**ഡോ. സണ്ണി ജോർജ്ജ്, പ്രൊഫസർ വിരമിക്കുന്നത് - സംബന്ധിച്ച്**

കിലയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 07/10/1996 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ഡോ. സണ്ണിജോർജ്ജ് പ്രൊഫസർ തസ്തികയിൽ നിന്നും സേവന കാലാവധി പൂർത്തീകരിച്ച് 2021 മെയ് 21 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയാണ്.

Associate Professor (Rural Develpoment) തസ്തികയുടെ യോഗ്യതാ മാനദണ്ഡം ചുവടെച്ചേർക്കുന്നു.

| | |
|---|---|
| Essential | First Class or High second class Post Graduate Degree in Rural Development/Economics/Area Planning with Ph.D from the Recognised University. Minimum 5 years' experience in training and research. Publications in the relevant discipline. |
| Desirable | Experience in training of officials /non officials in the area of Rural Development. |

കിലയിലെ അർബൻ വിഭാഗവുമായി ബന്ധപ്പെട്ട പരിശീലനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ഡോ. സണ്ണിജോർജ്ജിന്റെ നേതൃത്വത്തിലാണ് നടന്ന് വരുന്നത്.

06/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(കൈ) നം.10/2020/തസ്വഭവ പ്രകാരം Associate Professor, Rural Develpoment എന്ന തസ്തിക 'Professor, Urban Planning' എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവായിട്ടുള്ളതാണ്.

ഡോ. സണ്ണിജോർജ്ജ്, പ്രൊഫസർ തസ്തികയിൽ നിന്ന് വിരമിക്കുന്നതനുസരിച്ച് ടിയാന് നിയമനം നൽകിയ തസ്തികയായ 'Associate Professor, Rural Develpoment' തസ്തികയിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**ഡോ. സണ്ണിജോർജ്ജ്, പ്രൊഫസർ തസ്തികയിൽ നിന്ന് വിരമിക്കുന്നതനുസരിച്ച് ടിയാന് നിയമനം നൽകിയ തസ്തികയായ Associate Professor, Rural Develpoment തസ്തികയിലേക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസ മാനദണ്ഡങ്ങളോടെ നിയമനം നടത്തുന്നതിന് തീരുമാനിച്ചു.**

| | |
|---|---|
| Essential | First Class or High second class Post Graduate Degree in Rural Development/Economics/Regional Planning with Ph.D from the Recognised University. Minimum 5 years' experience in training and research. Publications in the relevant discipline. |
| Desirable | Experience in training of officials /non officials in the area of Rural Development. |

01/01/2020 തീയതി വെച്ച് വയസ്സ് കണക്കാക്കേണ്ടതും പരമാവധി പ്രായപരിധി 45 ആക്കുവനും തീരുമാനിച്ചു.

ഐറ്റം നമ്പർ -04

റിസർച്ച് അസോസിയേറ്റ് നിയമനം – സംബന്ധിച്ച്

കിലയിൽ നിലവിലുള്ള രണ്ട് റിസർച്ച് അസോസിയേറ്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ/ കരാറടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയിട്ടുള്ളത്. ആയതിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച റിസർച്ച് അസോസിയേറ്റിന്റെ സേവന കാലാവധി 15/02/2021 നും കരാർ വ്യവസ്ഥയിൽ പ്രവേശിച്ചയാളുടെ സേവന കാലാവധി 14/10/2021 നും അവസാനിക്കുകയാണ്.

തസ്തിക സംബന്ധിച്ച വിശദമായ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| Scale of Pay for the Post of Research Associate | Rs.29200-62400 |
| Eligble Qualification (As amended by Executive Committee decision dated 24/10/2018 – Item No.4) | **Essential Qualification**<br>• Post Graduate Degree in Public Administration/ Political Science / Rural Development / Regional Planning / Area Planning/Mathematics/Statistics/in any other subject but with first class Graduation in Mathematics/Statistics<br>• Experience in collection of data and survey<br>• Computer proficiency, knowledge and experience in using statistical package or statistical software<br>**Desirable:**<br>• M Phil. Publication of papers/ articles.<br>• Proficiency in Data base Management/Software/Big data Analytics Data Mining<br>• Past experience in Data Processing/Data Analysis |

**കിലയിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിൽ നിയമനം സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

തീരുമാനം

റിസർച്ച് അസോസിയേറ്റുകളായി സേവനമനുഷ്ഠിക്കുന്നവരുടെ സേവന കാലാവധി പൂർത്തീകരിക്കുന്നതിനനുസരിച്ച് 3 വർഷത്തേക്ക് കരാർ നിയമനം നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് 3 വർഷക്കാലാവധിക്കുശേഷം Performance Evaluation ന്റെ അടിസ്ഥാനത്തിലും കിലയിലെ HR പോളിസിക്ക് വിധേയമായും സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചു.

തസ്തികയിലെ യോഗ്യതാ മാനദണ്ഡം താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| Scale of Pay for the Post of Research Associate | Rs.29200-62400 |
| Eligble Qualification (As amended by Executive Committee decision dated 24/10/2018 – Item No.4) | **Essential Qualification**<br>• Post Graduate Degree in Public Administration/ Political Science / Rural Development / Regional Planning / Area Planning/Mathematics/Statistics/in any related subject<br>• First class Graduation in Mathematics/Statistics<br>• Experience in collection of data and survey<br>• Certificate in data science and analytical programme – course not less than 3 months or the PG curriculam should include the topic<br>**Desirable:**<br>• M Phil.<br>• Publication of papers/ articles.<br>• Proficiency in Data base Management/Software/Big data Analytics Data Mining<br>• Past experience in Data Processing/Data Analysis |

അപേക്ഷ ക്ഷണിക്കുമ്പോൾ 3 വർഷത്തിന് ശേഷം സ്ഥിരപ്പെടുത്തിയേക്കാമെന്നും ആയത് കിലയുടെ HR പോളിസിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും സൂചിപ്പിക്കണം. ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടാകും.

ഐറ്റം നമ്പർ -05

**കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പാക്കുന്നത് സംബന്ധിച്ച്**

കില അസിസ്റ്റന്റ് ഡയറക്ടർ (ഭരണം) തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ബാബു. കെ. കെ, തന്നെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള പ്രമോഷന് പരിഗണിക്കണമെന്ന ആവശ്യവുമായി ബഹു. ഹൈക്കോടതിയിൽ WP(C) 24002/2020 നമ്പർ കേസ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), കില എക്സിക്യൂട്ടീവ് കമ്മറ്റി, ഡയറക്ടർ ജനറൽ, കില എന്നിവരെ എതിർകക്ഷികളാക്കി ഫയൽ ചെയ്യുകയും ആയതിൻമേൽ 03/12/2020 തീയതിയിൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ ശ്രീ. ബാബു.കെ.കെ യുടെ നിവേദനം കില എക്സിക്യൂട്ടീവ് കമ്മിറ്റി പരിഗണിച്ച് രണ്ടു മാസത്തിനകം തീർപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

11/03/2020 തീയതിയിൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മറ്റി, ശ്രീ. ബാബു കെ.കെ, തന്നെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള പ്രമോഷനായി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് സമർപ്പിച്ച 20/02/2020 തീയതിയിലെ നിവേദനം അജണ്ടയിൽ ഉൾപ്പെടുത്തി പരിഗണിക്കുകയും, കൊട്ടാരക്കര SIRD, അഗളി AHADS എന്നിവ കിലയിലേക്ക് സംയോജിപ്പിച്ചുകൊണ്ട് രൂപീകൃതമായ സംയോജിത കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കിലയുടെ മുഴുവൻ ജീവനക്കാരുടെയും യോഗ്യത, സേവന വ്യവസ്ഥ, അന്യത്ര സേവനം, പ്രമോഷൻ, പരിശീലനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര മാനവ വിഭവ ശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും അതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നതിനാൽ പ്രസ്തുത പോളിസി രൂപീകരിക്കുന്നതിനനുസൃതമായി ടിയാന്റെ നിവേദനത്തിൻമേൽ നടപടികൾ പൂർത്തീകരിക്കാൻ കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിക്കൊണ്ട് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതാണ്.

എന്നാൽ ഹർജിക്കാരൻ, തന്റെ അറിവിൽ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ ഭാഗത്തുനിന്നും സമഗ്ര മാനവവിഭവ ശേഷി തയ്യാറാക്കി സമർപ്പിക്കുന്ന കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലെന്നും ആയതിനാൽ മുൻകമ്മറ്റി തീരുമാനം പുനപരിശോധിച്ചുകൊണ്ട് 07/02/2007 തീയതിയിലെ G.O (Rt) No.402/2007/LSGD ഉത്തരവ് പ്രകാരമുള്ള പ്രമോഷൻ പോളിസി അനുസരിച്ച് ടിയാന് കില ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രമോഷൻ നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് 20/10/2020 തീയതിയിൽ ചെയർമാൻ കില എക്സിക്യൂട്ടീവ് കമ്മറ്റി & പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ നിവേദനം സമർപ്പിക്കുകയും ആയത് Exbt.P.4 ആയി ഹാജരാക്കി കൊണ്ട് ഹർജി ഫയൽ ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്.

കേസിൽ കില കൌണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുകയുണ്ടായി. ആയതിൽ കിലയിലേക്ക് കൊട്ടാരക്കര SIRD, അട്ടപ്പാടി അഹാഡ്സ് എന്നിവയുടെ

സംയോജനത്തിന് ശേഷമുള്ള മാറിയ സാഹചര്യവും അതിനനുസൃതമായി പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം സമഗ്ര മാനവവിഭവ ശേഷി തയ്യാറാക്കി വരുന്ന വിവരവും, നിലവിൽ 29.04.2020 തീയതിയിലെ സ.ഉ(സാ.ധാ)നം.801/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ശ്രീ.പി.എം ഷഫീക്ക്നെ നിയമിച്ചിട്ടുള്ളതിനാൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിൽ ഒഴിവില്ല എന്ന വിവരവും, കൂടാതെ ഹർജിക്കാരന്റെ നിവേദനം സംബന്ധിച്ച് സർക്കാരിൽ നിന്നും 10/11/2020 തീയതിയിലെ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടത് അനുസരിച്ച് വിശദമായ റിപ്പോർട്ട് 13/11/2020 തീയതിയിൽ സമർപ്പിച്ചിട്ടുള്ള വിവരവും കോടതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

കിലയുടെ സത്യവാങ്മൂലം കൂടി പരിഗണിച്ച കോടതി ഹർജിക്കാരന്റെ Exbt P4 നിവേദനം 07/02/2007 തീയതിയിലെ G.O (Rt) No. 402/2007/LSGD ഉത്തരവും കില സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും കൂടി പരിഗണിച്ചുകൊണ്ട് ഹർജിക്കാരനെ നേരിട്ടോ വീഡിയോ കോൺഫറൻസ് മുഖേനയോ കേട്ട ശേഷം തീർപ്പാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

വിധിന്യായത്തിന്റെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരമാണ്:

" Taking note of the afore submission, I order this writ petition and direct the 3rd respondent-Executive Committee of KILA to take Ext.P4 representation and dispose it of, adverting to Ext.P1 as also the report/reports, if any, furnished by the KILA before the Government of Kerala.
The afore exercise shall be completed after affording an opportunity of being heard to the petitioner-either physically or through video confering-culminating an appropriate order thereon, as expeditioously as is possible but not later than two months from the date of receipt of a copy of this judgment".
11/03/2020 തീയതിയിലെ കില എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം , ഹർജിക്കാരന്റെ 20/10/2020 തീയതിയിലെ നിവേദനം, ആയതിൻമേൽ കില സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള 13/11/2020 തീയതിയിലെ റിപ്പോർട്ട് , ബഹു. ഹൈക്കോടതിയുടെ 03/12/2020 തീയതിയിലെ വിധി ന്യായം എന്നിവ (അനുബന്ധം 3 മുതൽ 6 വരെ) എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പരിഗണനക്കും തീരുമാനത്തിനുമായി സമർപ്പിക്കുന്നു.

**തീരുമാനം**

കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുന്നതിലേക്കായി 2 അംഗ കമ്മറ്റിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. കില ഡയറക്ടർ ജനറൽ, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) എന്നിവർ അടങ്ങിയ കമ്മറ്റിയെയാണ് ചുമതലപ്പെടുത്തിയത്. എക്സിക്യൂട്ടീവ് കമ്മറ്റിക്കുവേണ്ടി ടി കമ്മറ്റി ശ്രീ. ബാബുവിനെ നേരിൽ കേട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

ഐറ്റം നമ്പർ -06

റിപ്പോർട്ടിംഗ്

(1) **അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്**

അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതി സംസ്ഥാന സഹകരണ വകുപ്പും പെരിന്തൽമണ്ണ EMS സഹകരണ ആശുപത്രിയും ചേർന്ന് നടപ്പിലാക്കി വരുന്നു. ആദിവാസികൾ ഉൾപ്പെടെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതോടൊപ്പം മദ്യം-മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.പദ്ധതിയുടെ തുടർ പ്രവർത്തനത്തിന്റെ ദിശയും സമീപനവും ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി സാമൂഹ്യ ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് സാമൂഹ്യ ഓഡിറ്റ് മേഖലയിൽ കിലക്കുള്ള സാങ്കേതിക വൈദഗ്ധ്യവും പരിചയവും കണക്കിലെടുത്ത് സാമൂഹ്യ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാന സഹകരണ വകുപ്പുമായി 287500 രൂപയുടെ പ്രോജക്ട് തുകക്കുള്ള ToR കില ഒപ്പ് വെക്കുകയുണ്ടായി. പ്രോജക്ട് കാലാവധി 3 മാസമാണ്.

(2) **മുൻ AHADS – CCPRM സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് ലഭിച്ചത് - സംബന്ധിച്ച്**

AHADS CCPRM (അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി സെന്റർ ഫോർ കോപ്രിഹെൻസീവ് പാർട്ടിസിപ്പേറ്ററി റിസോഴ്സ് മാനേജ്മെന്റ്) ന്റെ 14/12/2016 ൽ നടന്ന ഗവേണിംഗ് ബോഡി യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത സൊസൈറ്റി ഡിസോൾവ് ചെയ്ത് ഉപാധികളില്ലാതെ കിലയുമായി ലയിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ് (സ.ഉ (കൈ) നം.57/2017/തസ്വഭവ തീയതി 16/03/2017). 07/02/2017 തീയതിയിലെ 347/2017/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മറ്റിയെ AHADS CCPRM സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള ചുമതലപ്പെടുത്തിയിരുന്നു.

03/11/2020 തീയതിയിലെ കില ഡയറക്ടർ ജനറൽ സമർപ്പിച്ച അപേക്ഷ പ്രകാരം മുൻ AHADS CCPRM (അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി സെന്റർ ഫോർ കോപ്രിഹെൻസീവ് പാർട്ടിസിപ്പേറ്ററി റിസോഴ്സ് മാനേജ്മെന്റ്) സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദാക്കി കൊണ്ടുള്ള ഉത്തരവ് (17/12/2020 തീയതിയിലെ ജി3/4197/2020 നമ്പർ ഉത്തരവിന്റെ പകർപ്പ് (അനുബന്ധം - 7) പാലക്കാട് സംഘം രജിസ്ട്രാർ /ജില്ലാ രജിസ്ട്രാർ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ വിവരം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

(3) കിലയിലെ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് - സംബന്ധിച്ച്

24/12/2020 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ:സ.ഉ.(കൈ)നം. 201/2020/തസ്വഭവ പ്രകാരം കിലയിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവന കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ താഴെപ്പറയുന്ന പട്ടികപ്രകാരം അവർ നിലവിൽ ജോലി ചെയ്ത് വരുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1. | ശ്രീ. വിനോദ് കുമാർ സി | ലക്ചറർ ഇൻ റൂറൽ ഇക്കണോമിക്സ് (മുമ്പ് ഫാക്കൽറ്റി ഇൻ റൂറൽ ഇക്കണോമിക്സ്) | 1 | Rs. 36,600-79,200/- |
| 2. | 1) ശ്രീമതി. ബിന്ദു.വി.കെ<br>2) ശ്രീമതി. രജനി. എം.എൻ | അസിസ്റ്റന്റ് ഗ്രേഡ് (മുമ്പ് ക്ലർക്ക്) | 2 | Rs.19,000-43,600/- |
| 3. | 1) ശ്രീമതി. ശ്രീലത . എസ്<br>2) ശ്രീ. ജിറ്റോ പി ജോർജ്ജ്<br>3) ശ്രീമതി. വരദകുമാരി. എൽ | ഡി ടി പി ഓപ്പറേറ്റർ | 3 | Rs. 19,000-43,600/- |
| 4. | 1) ശ്രീമതി. മല്ലിക. കെ.എസ്<br>2) ശ്രീമതി. ദീപ. പി. ബി | മൾട്ടിടാസ്ക് വർക്കർ (മുമ്പ് ഖലാസി) | 2 | Rs. 16,500-35,700/- |
| 5. | ശ്രീ.ജയകുമാർ. കെ | മൾട്ടിടാസ്ക് വർക്കർ (മുമ്പ് ഹോസ്റ്റൽ ബോയ്) | 1 | Rs. 16,500-35,700/- |
| 6. | ശ്രീ.സുരേഷ് കുമാർ. എസ് | മൾട്ടിടാസ്ക് വർക്കർ (മുമ്പ്മെസ് ക്ലീനർ) | 1 | Rs. 16,500-35,700/- |

പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം കില ഡയറക്ടർ ജനറലുടെ 28/12/2020 തീയതിയിലെ നടപടിക്രമം പ്രകാരം മേൽ ജീവനക്കാരെ കിലയിൽ സ്ഥിരപ്പെടുത്തി നിയമനം നൽകിയിട്ടുള്ളത് (അനുബന്ധം - 8) എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

(4) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം – പ്രവർത്തികൾ സംബന്ധിച്ച റിപ്പോർട്ട്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി 18/06/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN പ്രകാരമുള്ള 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തുകയും തുടർന്ന് 17/08/2019 ലെ സർക്കാർ ഉത്തരവ് നം. G.O (Rt)

No. 3302/2019-GEDN പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെടുത്തിയ 6 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി 04/11/2020 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 2997/2020-GEDN പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണം

446 സ്കൂളുകളിൽ Feasible ആയിട്ടുള്ള 405 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 397 സ്കൂളുകളുടെ DPR ന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായി. ആയതിൽ 280 സ്കൂളുകളുടെ DPR സാങ്കേതികാനുമതിക്കായി സമർപ്പിച്ചതിനെത്തുടർന്ന് 107 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. 42 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടതിനെത്തുടർന്ന് 15 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 65 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. ഇ-ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 11/01/2021.

മേൽ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു

**പ്രോജക്ടുകൾ സംബന്ധിച്ച്**

2020-21 സാമ്പത്തിക വർഷത്തിൽ വിവിധ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ട് പ്രവർത്തനം ആരംഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ രത്നച്ചുരുക്കം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

| Sl No | Name of Project | Project Amount | Project Period | Funding Agency |
|---|---|---|---|---|
| 1 | Strengthening GPs Capacity to Monitor and Improve emergency Resilience at Local Level | INR 805,000 | 17 August 2020 to 16 December 2020 | UNICEF |
| 2 | Development of the module for the training of Ward Councillors of Patna Municipal Corporation | INR 150,000 | 8th September 2020 to 28th September 2020 | UNFPA / Diksha Foundation - Patna |

| | | | | |
|---|---|---|---|---|
| 3 | Local Governance during COVID 19 Pandemic time | INR 1,358,500 | 1st October 2020 to 16th January 2021 | Azim Premji University - Karnataka |
| 4 | Integrating Climate Change within Public Finance Policies: Evidence from India, Nepal and Sri Lanka | £ 2300 | May to Dec 2020 | University of Essex |

**തീരുമാനം**

1) കിലയുടെ പ്രവർത്തന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.
2) കരാർ/ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവനം പൂർത്തിയാക്കിയവരെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ പ്രൊബേഷൻ കാലയളവിൽ പിഎസ് സി നടത്തുന്ന അക്കൗണ്ട് ടെസ്റ്റ് (ലോവർ), M.O.P എന്നിവ പ്രൊബേഷൻ പ്രഖ്യാപനത്തിനായി പാസായിരിക്കണം

## അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

### പരിശീലനം

1) കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിവിധ ഓൺലൈൻ പരിശീലന പരിപാടികൾ/ശില്പശാലകൾ എന്നിവ ഊർജ്ജസ്വലമായി നടത്തിവരുന്നുണ്ട്.
2) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സമയബന്ധിതമായി പരിശീലനം നൽകുന്നതിന്റെ മുന്നോടിയായി ശില്പശാലകൾ, പരിശീലക പരിശീലനങ്ങൾ, കൈപ്പുസ്തകം, വീഡിയോ തയ്യാറാക്കൽ തുടങ്ങിയ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചു.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള ആദ്യഘട്ട ഓൺലൈൻ പരിശീലനം 2021 ജനുവരി 13, 14, 15, 16 തീയതികളിലായി നടത്തുന്നതാണ്. കിലയുടെ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പരിശീലനാർത്ഥികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഭരണസമിതി ഹാളിൽഅല്ലെങ്കിൽ അനുയോജ്യമായ ഇതരസ്ഥലത്തോ കോവിഡ് 19 പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് .

- ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്ക് 2021 ജനുവരി 13 മുതൽ 16 വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയാണ് പരിശീലനം നൽകുന്നത്.
- നഗരസഭ/ബ്ലോക്ക് തല ജനപ്രതിനിധികൾക്കുള്ള പരിശീലനം 2021 ജനുവരി 13 മുതൽ 16 വരെയുള്ള ദിവസങ്ങളിൽ ഉച്ചക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് പരിശീലനം നൽകുന്നത്.
- റെക്കോർഡഡ് ക്ലാസ്സുകൾക്ക് ശേഷം ജില്ലാതലത്തിൽ കോർ റിസോഴ്സ് ടീമുമായിട്ടുള്ള സംശയനിവാരണ സെഷനും ഉണ്ടായിരിക്കും..സംശയനിവാരണത്തിന് കില കോർ റിസോഴ്സ് ടീമുമായി ബന്ധപ്പെടാൻ പ്രത്യേക സൂം മീറ്റിംഗ് ലിങ്ക് നൽകുന്നതായിരിക്കും
- പരിശീലനം കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ചുമതല അതത് സെക്രട്ടറിമാർക്കായതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഭരണസമിതി ഹാളിൽ വെച്ചോ അല്ലെങ്കിൽ അനുയോജ്യമായ ഇതരസ്ഥലത്തോ കോവിഡ് 19 പ്രോട്ടോകോൾ പാലിച്ചുകൊണ്ട് പരിശീലനം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക, എല്ലാ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പൂർണ്ണ സമയ പരിശീലന പങ്കാളിത്തം ഉറപ്പ് വരുത്തുക പരിശീലനത്തിന് ശേഷം TNA (Training Needs Assessment) ഫോറം പൂരിപ്പിച്ച് വാങ്ങിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് അതത് സെക്രട്ടറിമാർക്കും ഓൺലൈൻ പരിശീലനമായതിനാൽ സാങ്കേതിക സംവിധാനം പരിശോധിക്കൽ പരിശീലനാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് TPMS നിന്നും ജനറേറ്റ് ചെയ്ത് പരിശീലനാർത്ഥികൾക്ക് വിതരണം ചെയ്യൽ തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് അതത് ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കും ഉത്തരവ് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ)/ തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ)/ ഗ്രാമവികസന കമ്മീഷണർ എന്നിവരോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.
- പരിശീലനം സംബന്ധിച്ച കൈപ്പുസ്തകങ്ങൾ, (ഗ്രാമ/ബ്ലോക്ക്/നഗരസഭ- എട്ട് എണ്ണം വീതം മൂന്ന് വ്യത്യസ്ത ബോക്സുകളിലായി), സഞ്ചി, പേന, നോട്ട്പാഡ് എന്നിവ പരിശീലനത്തിന് മുമ്പായി അതത് ജില്ലകളിലെ ഒരു കേന്ദ്രത്തിലെത്തിക്കുന്നതായിരിക്കും.
- പരിശീലന വീഡിയോകളുടെ സോഫ്റ്റ് കോപ്പി അടങ്ങിയ പെൻഡ്രൈവ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കില റിസോഴ്സ് പേഴ്സൺമാർ എത്തിക്കുന്നതായിരിക്കും. (ഓൺലൈൻ

പരിശീലനത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സം നേരിട്ടാൽ പരിശീലന സമയത്ത് തന്നെ ഈ പെൻ ഡ്രൈവ് ഉപയോഗിക്കാവുന്നതാണ്)

- കിലയുടെ പരിശീലക പരിശീലനം പൂർത്തിയാക്കിയവരാണ് റിസോഴ്സ് പേഴ്സൺമാർ. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും രണ്ടോ മൂന്നോ റിസോഴ്സ് പേഴ്സൺമാർ ഉണ്ടായിരിക്കുന്ന രീതിയിൽ ആണ് ക്രമീകരിച്ചിരിക്കുന്നത്

**തീരുമാനം**

**കിലയുടെ ഓൺലൈൻ പരിപാടികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനപ്രതിനിധികൾക്കായുള്ള ഓൺലൈൻ പരിശീലന മുന്നൊരുക്കത്തിലും എക്സിക്യൂട്ടീവ് കമ്മറ്റി സംതൃപ്തി രേഖപ്പെടുത്തി**

യോഗം .ഉച്ചക്ക് 12 മണിക്ക് അവസാനിച്ചു.

Saaday

ചെയർപേഴ്സൺ &
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്